"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മാർത്തോമാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി പ്രീമ മാത്യുവിന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4457/2026/GEDN തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-
1. മാനേജരുടെ 13.02.2026 തീയതിയിലെ റിവിഷൻ ഹർജി.
2. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.03.2026-ലെ ഡഇഒറ്റിഎസ്ആർ/426/2026-ബി3 നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.03.2026 തീയതിയിലെ ഡിജിഇ/4818/2026-ഇസി4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മാർത്തോമാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീമതി പ്രീമ മാത്യുവിന്റെ എഫ്.ടി.എം. തസ്തികയിലെ 11.07.2022 മുതൽ 14.03.2024 വരെയുള്ള നിയമനം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചു.

2. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തൃശ്ശൂർ മാർത്തോമാ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി കെ.യു. ഗ്രേസിയെ 01-06-2022 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ, ശ്രീമതി പ്രീമ മാത്യുവിനെ 11-07-2022 മുതൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ മാനേജർ നിയമിച്ചിരുന്നു. ഈ ഒഴിവ് ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി മാറ്റിവെച്ചിട്ടുള്ളതാണ്. ശ്രീമതി കെ.യു. ഗ്രേസിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാലും ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും മാനേജർ ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ലാത്തതിനാലും തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു. ഇതിനെതിരെ മാനേജർ തൃശ്ശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകിയ അപ്പീൽ 25-06-2022 ലെ സ.ഉ.(കൈ) നം.111/2022/പൊവിവ -യിലെ വ്യവസ്ഥ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി തീർപ്പാക്കിയിരുന്നു. ശ്രീമതി പ്രീമ മാത്യുവിനെ നിയമിച്ച ഒഴിവ് ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി മാറ്റി വെച്ചിട്ടുള്ളതായതിനാൽ ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഒഴിവിൽ ഭിന്നശേഷി നിയമനാർഥിയായ ശ്രീമതി കെ. വിമലയെ 15-03-2024 മുതൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ നിയമിക്കുകയും ശ്രീമതി പ്രീമ മാത്യു 14-03-2024 ന്ന സേവനത്തിൽ നിന്നും പുറത്താകുകയും ചെയ്തു. ശ്രീമതി പ്രീമ മാത്യുവിന്റെ 11-07-2022 മുതൽ 14-03-2024 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലെ നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിലേക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച

റിവിഷൻ ഹർജി ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു. ശ്രീമതി കെ.യു.ഗ്രേസിയുടെ 01-06-2022 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനവും ഭിന്നശേഷി നിയമനാർത്ഥിയായ ശ്രീമതി കെ വിമല എന്നിവരുടെ 15-03-2024 മുതലുള്ള ഫുൾ ടൈം മീനിയൽ തസ്തികയിലുള്ള നിയമനവും അംഗീകരിച്ചിട്ടുള്ളതിനാൽ നിലവിൽ ഒഴിവ് വ്യവസ്ഥാപിതമാണ്. ഭിന്നശേഷി സംവരണത്തിനായി വിട്ടു നൽകിയ തസ്തികയിൽ ദിവസവേതനനാടിസ്ഥാനത്തിൽ നിയമനം നടത്താനും ഇപ്രകാരം നിയമിക്കപ്പെട്ടവർക്ക് അവർ ജോലി ചെയ്ത കാലയളവ് മുൻകാല പ്രബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ അതിനനുസരിച്ചുള്ള ആനുകൂല്യം ലഭിക്കുന്നതിനോ യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല എന്ന് 11/05/2025-ലെ ജെആർ1/502/2023/പൊവിവ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ശ്രീമതി പ്രീമ മാത്യുവിന്റെ ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം 11.07.2022 മുതൽ 14.03.2024 വരെ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണെന്നും എന്നാൽ ടി കാലയളവിലെ ആനുകൂല്യം ലഭിക്കുന്നതിനോ ജോലി ചെയ്ത കാലയളവ് മുൻകാല പ്രബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ അർഹതയുണ്ടായിരിക്കില്ല എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി പ്രീമ മാത്യുവിന്റെ എഫ്.ടി.എം. തസ്തികയിലെ 11.07.2022 മുതൽ 14.03.2024 വരെയുള്ള നിയമനം 11.05.2025 ലെ ജെആർ1/502/2023/പൊവിവ ഉത്തരവിന് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുവാൻ തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

മാനേജർ, മാർത്തോമാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ - 680 001.
ശ്രീമതി പ്രീമ മാത്യു, മാർത്തോമാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, തൃശ്ശൂർ - 680 001.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, ത്യൃശ്ശൂർ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ത്യൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/31/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 04-07-2026 11:16:30
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.